## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4593 — 26.10.2016-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ശശി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് മൈക്രോ പ്ലാനുകൾ നടപ്പിലാക്കാൻ തുടങ്ങിയ പി.കെ. കാളൻ കുടുംബ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ; | എ) | ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കായി പി.കെ. കാളൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതം നൽകാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും, ഇതിനായി എത്ര തുക വകയിരുത്തി, എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | ബി) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി 5 ഏക്കർ വരെയും നൽകുന്ന പദ്ധതിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ഭൂമി ഒട്ടും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഗുണഭോക്താക്കളുടെ കൂടി സമ്മതത്തോടെ ഒരു ഏക്കറിൽ കുറച്ച് ഭൂമിയും നൽകിയിട്ടുണ്ട്. 25 സെന്റിൽ കുറയാതെയും ഒരു ഏക്കറിൽ കവിയാതെയും പരമാവധി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഒരേക്കറെങ്കിലും ഭൂമി നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 42 കോടി രൂപ ഭൂമി വാങ്ങുന്നതിനും ഇപ്രകാരം ലഭ്യമാക്കുന്ന ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനും എന്തു പദ്ധതികളാണ് പ്രഖ്യാപിച്ചത് എന്നും, എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്നും, നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | സി) | ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് പത്ത് ലക്ഷം രൂപയ്ക്ക് 25 സെന്റിൽ കുറയാതെ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2016 - 17 സാമ്പത്തിക വർഷം ഭൂമി വാങ്ങുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ഭൂരഹിതരായ 558 പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി (194.458 ഏക്കർ) 51,03,37,089/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി, ഹഡ്കോ എന്നീ പദ്ധതികൾ മുഖേന 3.50 ലക്ഷം രൂപാ വീതം ഗ്രാന്റായി അനുവദിച്ചു വരുന്നു. പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2016 - 17 വർഷം 50 കോടി രൂപ ജനറൽ ഹൗസിംഗിനും 150 കോടി രൂപാ എ.ടി.എസ്.പി ഹൗസിംഗിനും വകയിരുത്തിയിട്ടുണ്ട്. 5,000 വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. ഹഡ്കോയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച് 2015 - 16 സാമ്പത്തിക വർഷം 2,000 വീടുകൾ സംസ്ഥാനത്തൊട്ടാകെ അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 3,000 വീടുകളും ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2,000 വീടുകളും അനുവദിക്കുന്നതിനായി ലക്ഷ്യമിടുന്നു. നടപ്പ് സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവന നിർമ്മാണം എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക മുൻവർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി ചെലവഴിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**